കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

DFTVM/1321/2026-N2

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:10-05-2026
ഇ-മെയിൽ:fisheriesdirector@gmail.com

ഫിഷറീസ് ഡയറക്ടർ,
തിരുവനന്തപുരം.

പബ്ലിക് റിലേഷൻ വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം:- ഫിഷറീസ് - വിദ്യാതീരം 2026-27 - സൌജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം/ഐ.ഐ.ടി/എൻ.ഐ.ടി പരിശീലനം - സ്ഥാപനങ്ങളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

************

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിദ്യാതീരം 2026-27 പദ്ധതി പ്രകാരം സൌജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം/ഐ.ഐ.ടി/എൻ.ഐ.ടി പരിശീലനം നടത്തുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുന്നതിലേക്കായി ചുവടെ ചേർത്തിരിക്കുന്ന താല്പര്യപത്രം ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽ പരസ്യപ്പെടുത്തണമെന്ന് അറിയിക്കുന്നു.

## Expression of Interest (താൽപര്യ പത്രം)

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രത്യേക പരിശീലന പരിപാടികളായ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം/ഐ.ഐ.ടി/എൻ.ഐ.ടി പരിശീലനം എന്നിവ 2026-27 അധ്യയന വർഷത്തിൽ നടപ്പിലാക്കുന്നതിലേക്കായി, ഫിഷറീസ് വകുപ്പുമായി ചേർന്ന് പരിശീലനം നൽകുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. അതാത് മേഖലകളിൽ 5 വർഷത്തെ പ്രവർത്തന പരിചയം ഉള്ള സ്ഥാപനങ്ങൾക്കാണ് താൽപര്യപത്രം സമർപ്പിക്കുന്നതിന് അർഹത. പഠന പശ്ചാത്തല സൌകര്യങ്ങൾ, താമസ സൌകര്യം, ഫീസ്, ഫാക്കൽട്ടി വിവരങ്ങൾ എന്നിവയും അവസാന 3 വർഷത്തെ വിജയ വിവരങ്ങളും ഉൾപ്പെടുത്തിയാണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. പ്രൊപ്പോസൽ സ്വീകരിക്കുന്ന അവസാന തീയതി 25/05/2026........03 PM......വരെയാണ്. അന്നേ ദിവസം ..4...PM ന് ഹാജരുള്ള സ്ഥാപനങ്ങൾ/പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പ്രൊപ്പോസൽ തുറന്ന് പരിശോധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വികാസ് ഭവൻ നാലാം നിലയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ നം: 0471 2305042

വിശ്വസ്തതയോടെ,

SMITHA R NAIR
ADDITIONAL DIRECTOR OF FISHERIES
ഫിഷറീസ് ഡയറക്ടർക്ക് വേണ്ടി.

Digitally signed by
SMITHA. R. NAIR
Date: 10-05-2026
17:48:44